(സി) പ്രസ്തുത പദ്ധതികളിൽ ഈ സർക്കാരിന്റെ നാലരവർഷത്തെ ഭരണശേഷവും പൂർത്തീകരിക്കാത്ത പദ്ധതികൾ ഉണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ 2011-12 സാമ്പത്തിക വർഷം പൊതുഭരണ വകുപ്പിൻ കീഴിൽ തുടങ്ങിയ 'കേരള സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിന് '2070-00-033-90-36-Grant-in-Aid-General-Non Salary (NPV) ശീർഷകത്തിനു കീഴിൽ 2011-12 സാമ്പത്തിക വർഷത്തെ 2-ാം ഉപധനാഭ്യർത്ഥന പ്രകാരം 1 കോടി രൂപ വകയിരുത്തിയിരുന്നു. 1 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

പുതുതായി സൃഷ്ടിച്ച തസ്തികകൾ

20 (3523) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പുകളിലും 2015 നവംബർ 30 വരെ എത്ര അധിക തസ്തികകൾ സൃഷ്ടിച്ചുവെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പി.എസ്.സി വഴിയും ആശ്രിതനിയമന പദ്ധതി വഴിയും സ്പോർട്സ് ക്വാട്ട വഴിയും എത്ര പേർക്ക് നിയമനം നൽകിയെന്ന് വിശദമാക്കുമോ;

(സി) പുതുതായി എത്രപേർക്ക് നിയമനം നൽകുന്നതിന് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്നും അവർക്ക് എന്നത്തേയ്ക്ക് നിയമനം നൽകുമെന്നും വിശദമാക്കുമോ ;

(ഡി) പോലീസ് സേനയിൽ ഇൻസ്പെക്ടർമാരായി നിയമനത്തിന് എത്രപേർക്ക് അഡ്വൈസ് മെമ്മോ നല്കിയിട്ടുണ്ടെന്നും ഇവർക്ക് എന്നത്തേയ്ക്ക് നിയമനം നൽകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 22-1-2014 വരെയുള്ള കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 22,058 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച 46 തസ്തികകളുടെ പേരും എണ്ണവും ചുവടെ ചേർക്കുന്നു:

അഡീഷണൽ സെക്രട്ടറി	-	2
ജോയിന്റ്സെക്രട്ടറി	-	1
ഡെപ്യൂട്ടി സെക്രട്ടറി	-	1
അണ്ടർ സെക്രട്ടറി	-	4

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ ഓഫീസർ	-	4
അസിസ്റ്റന്റ്	-	8
പി.എ.	-	6
ഓഫീസ് സൂപ്രണ്ട്	-	1
ടൈപ്പിസ്റ്റ്	-	2
ബൈന്റർ	-	1
ബൈന്റിംഗ് സൂപ്പർവൈസർ	-	2
ഓഫീസ് അസിസ്റ്റന്റ്	-	1
ഓഫീസ് അറ്റൻഡന്റ്	-	7
ക്ലറിക്കൽ അസിസ്റ്റന്റ്	-	1
ഡോബി	-	2
ഫുൾ ടൈം ഫോട്ടോകോപ്പിയർ കം		
കമ്പ്യൂട്ടർ കം ടെലഫോൺ ക്ലീനർ	-	2
അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ	-	1

സൈനിക ക്ഷേമ വകുപ്പിൽ കണ്ണൂർ ജില്ലയിൽ ഒരു എൽ.ഡി. ക്ലാർക്ക് തസ്തികയും കാസർഗോഡ് ജില്ലയിൽ ഒരു ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

മറ്റ് വകുപ്പുകളിൽ പുതുതായി സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം അനുബന്ധം*-1 ആയി ചേർക്കുന്നു. 22-1-2014-നു ശേഷമുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) പൊതുഭരണ വകുപ്പിനു കീഴിലെ സ്പെഷ്യൽ- ബി വകുപ്പിൽ നിന്നും 20 പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയിട്ടുണ്ട്. സർവ്വീസസ്-ഇ വകുപ്പിനു കീഴിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ പി.എസ്.സി. വഴി 153 പേർക്കും ആശ്രിതനിയമനം വഴി രണ്ടുപേർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ 38 പേർക്ക് പി.എസ്.സി. മുഖേനയും നിയമനം നൽകിയിട്ടുണ്ട്. സർവ്വീസസ്-എ വകുപ്പിൽ നിന്ന് പി.എസ്.സി. വഴി 299 പേർക്കും ആശ്രിതനിയമനം വഴി 28 സ്ഥിരം നിയമനങ്ങളും 49 സൂപ്പർ ന്യൂമററി നിയമനങ്ങളും സ്പോർട്സ് ക്വാട്ട നിയമനങ്ങളും നൽകിയിട്ടുണ്ട്. സർവ്വീസസ്-സി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിൽ നിന്ന് ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ പി.എസ്.സി. വഴി 574 പേർക്കും ആശ്രിതനിയമനം വഴി 9 പേർക്കും ഡ്രൈവർ തസ്തികയിൽ പി.എസ്.സി. വഴി 17 പേർക്കും നിയമനം നൽകിയിട്ടുണ്ട്. സർവ്വീസസ്-എച്ച് വകുപ്പിനു കീഴിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ പി.എസ്.സി. വഴി 73 പേർക്ക് നിയമനം നൽകുകയും ആശ്രിതനിയമന പദ്ധതി പ്രകാരം 3 ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനുള്ള ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) പൊതുഭരണ വകുപ്പിനു കീഴിലെ സ്പെഷ്യൽ-ബി വകുപ്പിൽ നിന്നും ഒരാൾക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. സർവ്വീസസ്-സി വകുപ്പിൽ പുതുതായി പത്തോളം പേർക്ക് നിയമന ശിപാർശ ലഭിക്കുകയും അവർക്ക് നിയമന ഉത്തരവ് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. സർവ്വീസസ്-എച്ച് വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്ത 7 ഒഴിവുകളുടെ അഡ്വൈസ് മെമ്മോ ആയിട്ടില്ല. സർവ്വീസസ് -എ വകുപ്പിൽ ലഭിച്ച അഡ്വൈസ് മെമ്മോ പ്രകാരം മുഴുവൻ നിയമന ഉത്തരവും നൽകിയിട്ടുണ്ട്. സർവ്വീസസ്-ഇ വകുപ്പിൽ നിന്നും നിലവിൽ ആർക്കും അഡ്വൈസ് മെമ്മോ നൽകിയിട്ടില്ല.

മറ്റു വകുപ്പുകളിൽ നിന്നുള്ള വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സേവനാവകാശ നിയമം

21 (3524) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് ഇനിയും നടപ്പിലാക്കാനുള്ളത്; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) സേവനാവകാശ നിയമ പ്രകാരം ഇതുവരെയായി ഓരോ വകുപ്പിലും എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിശ്ചിത ദിവസങ്ങൾക്കകം സേവനം നൽകാത്തതിനാൽ എത്ര ഉദ്യോഗസ്ഥർക്ക് ഇതുവരെ പിഴ ചുമത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന സേവനാവകാശ ആക്ട് 2012 നവംബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നു. 2012 ഒക്ടോബർ 27-ലെ സ.ഉ. (പി) നമ്പർ. 56/2012/ഉ.ഭ.പ.വ

LIBRARY ARCHIVES Kerala Legislative Assembly